പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നമ്പർ. *66

30.11.2018 -ലെ മറുപടിയ്ക്ക്

## തൊഴിലാളി സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.ദാസൻ<br>ശ്രീ.പി.കെ.ശശി<br>ശ്രീ. മുരളി പെരുനെല്ലി<br>ശ്രീ.വി.ജോയി : | ശ്രീ. ടി.പി.രാമകൃഷ്ണൻ<br>(ബഹു: തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| എ) കേന്ദ്ര സർക്കാർ ഉദാരവൽക്കരണ നയം തീവ്രമാക്കുന്നതിന്റെ പരിണിത ഫലമായി തൊഴിലാളികളുടെ അവകാശങ്ങളും ആനുകൂല്യങ്ങളും നിയമ നിർമ്മാണത്തിലൂടെ ഇല്ലാതാക്കി അരക്ഷിതാവസ്ഥ സൃഷ്ടിക്കുന്ന സാഹചര്യത്തിൽ, സംസ്ഥാനത്ത് നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനോടൊപ്പം തൊഴിലാളി സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിന് നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (എ) സംസ്ഥാനത്തെ നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റാനും അതോടൊപ്പം തൊഴിലാളികൾക്ക് നിയമപരമായി അർഹതപ്പെട്ട ആനുകൂല്യങ്ങളും പരിരക്ഷയും ഉറപ്പു വരുത്താനും ഉതകുന്ന തൊഴിൽനയം അംഗീകരിക്കുകയും ആയത് അനുസരിച്ച് വിവിധ പദ്ധതികൾ നടപ്പിലാക്കുവാനും തീരുമാനിച്ചിട്ടുണ്ട്. |
| ബി) തൊഴിൽ പ്രശ്നങ്ങൾ രമ്യമായി പരിഹരിക്കുന്നതിന് വ്യവസായ ബന്ധ സമിതികളെ ശാക്തീകരിക്കാൻ നടപടിയെടുത്തിട്ടുണ്ടോ; | (ബി) ഉണ്ട്. |
| സി) ചെയ്യാത്ത ജോലിക്ക് കൂലി വാങ്ങിക്കുന്ന ദുഷ്പ്രവണത അവസാനിപ്പിക്കുമ്പോൾ തന്നെ കൂട്ടായ വിലപേശൽ ശക്തിപ്പെടുത്തി തൊഴിലാളികളുടെ താൽപര്യം സംരക്ഷിക്കുന്നതിന് നടത്തുന്ന ഇടപെടലുകൾ എന്തൊക്കെയെന്ന് അറിയിക്കുമോ; | സി) വ്യവസായ ബന്ധസമിതികൾ പുനഃ സംഘടിപ്പിക്കാനും പുതിയ മേഖലകളിൽ വ്യാപിപ്പിക്കാനും നടപടി സ്വീകരിച്ചിട്ടുണ്ട്. തൊഴിൽ മേഖലയിലെ തൊഴിലാളികളുടെ അവകാശങ്ങളും ആനുകൂല്യങ്ങളും അനുരഞ്ജന ചർച്ചകളിലൂടെ ഉറപ്പു വരുത്തുകയും ചെയ്യുന്നു. കൂട്ടായ വിലപേശലുകളിലൂടെ ദീർഘകാല കരാറുകളിൽ ബന്ധപ്പെട്ടവർ ഏർപ്പെടുവാൻ വേണ്ട സാഹചര്യം ഒരുക്കുകയും ചെയ്യുന്നു.<br>ഇതുകൂടാതെ അസംഘടിത മേഖലയിലെ തൊഴിലാളികളുടെ കുറഞ്ഞ വേതനം ഉറപ്പു വരുത്തുന്നതിന്റെ ഭാഗമായി മിനിമം വേതന ഉപദേശക സമിതി ത്രികക്ഷി സമിതിയായി പ്രവർത്തിച്ചു വരികയും ചെയ്യുന്നു. |

ഡി) വ്യവസായ വാണിജ്യ സ്ഥാപനങ്ങൾക്ക് ഗ്രേഡിംഗ് ഏർപ്പെടുത്തുന്നതിന്റെ ലക്ഷ്യവും പ്രവർത്തന പുരോഗതിയും അറിയിക്കാമോ?

ഡി) കേരളത്തിലെ വ്യാപാര വ്യവസായ വാണിജ്യ സ്ഥാപനങ്ങളെയും ഫാക്ടറികളെയും അവയുടെ വ്യത്യസ്ത തലങ്ങളിലുള്ള പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ ഗ്രേഡ് ചെയ്യുന്നതിന് ഈ സർക്കാരിന്റെ തൊഴിൽ നയത്തിൽ വിഭാവനം ചെയ്തിരുന്നു. ഇതിന്റെ ഭാഗമായി നിശ്ചിത മാനദണ്ഡങ്ങളെ ആധാരമാക്കി തൊഴിലുടമ, തൊഴിലാളി, ഇതര സാമൂഹിക വിഭാഗങ്ങൾ, തൊഴിൽ നിയമങ്ങൾ നടപ്പിലാക്കുന്ന ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവരിൽ നിന്നെല്ലാം അഭിപ്രായ രൂപീകരണം നടത്തിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ സ്ഥാപനങ്ങളെ മൂല്യനിർണ്ണയം നടത്തി 2017 വർഷത്തെ വജ്ര-സുവർണ്ണ-രജത തുടങ്ങിയ ഗ്രേഡുകൾ ലഭിച്ചവരെ മാതൃകാ സ്ഥാപനങ്ങളായി പ്രഖ്യാപിക്കുകയും ചെയ്തു. തൊഴിലാളികൾക്ക് അർഹമായ സേവന വേതന വ്യവസ്ഥകൾ ലഭ്യമാക്കുന്നതിനോടൊപ്പം മെച്ചപ്പെട്ട തൊഴിൽ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും ഗ്രേഡിംഗ് കാരണമായി തീരും.

Sreekala

**സെക്ഷൻ ഓഫീസർ**